Malayala Manorma

18 June 2018

Kattapara: Heavy rain, Landslide, Death

ഹൃദയം പറിച്ചെറിഞ്ഞു; വേരോടെ

ജോമിച്ചൻ ജോസ്

താമരശേരി • ചരുപിളർക്കുന്ന കാഴ്ച യായിരുന്നു അത്. വെള്ളത്തുണിയിൽ പൊതിഞ്ഞ കുരുന്നുകളുടെ അടുത്തേക്ക് സ്ട്രെച്ചറിൽ പിതാവായതോടെ ആ മാതാപിതാക്കളുടെ വരവ്. കാലലോലിഞ്ഞിട്ടു; സഹോദരങ്ങളെ അവസാനമായി കാണാൻ ബന്ധുവിന്റെ കട്ടിലേറി ഒരു നാണങ്ങളുടെ വരവ്. വെട്ടിയെടുത്തിഞ്ഞ തോട്ടം ജുമ മസ്ജിദ് പരിസരം. ഇന്നലെ ഉച്ചയ്ക്കു സമുദായമായി കണ്ടുനിന്നവരുടെ കണ്ണുകളിൽനിന്നു പെയ്തിറങ്ങിയ കണ്ണീരിൽ മഴപോലും മുകസാക്ഷിയായി.

കരിഞ്ചോല മലയിലെ ഉരുൾപൊട്ടലിൽ മരിച്ച ദിൻൻ ഷെറിൻ, സഹോദരൻ മുഹമ്മദ് ഷഹബാസ് എന്നിവരുടെ കബറടക്ക പരിസരങ്ങൾക്കരികിലായിരുന്നു കണ്ടുനിക്കുന്നകാഴ്ചയായിരുന്നു അബ്ദുൾ സലീം, മാതാവ് ഷെറീന, സഹോദരൻ ഷമാസ് എന്നിവരെത്തിയത്. രണ്ടോടെയാണു പരിപാടി തുടങ്ങിയത്. പള്ളിയുടെ പരിസരങ്ങളിലായി തടിക്കാലികളായി കെട്ടിയുണ്ടാക്കിയ ഷെഡ്ഡിലാണ് ഇപ്പോൾ പരിപാടികൾ തെടുത്തുത്തി ഉയ്യ. മുസ്സിയാരുടെ പ്രവർത്തിക്കുന്നു.

ഉച്ചയ്ക്കു മുൻപേ പരിസരത്തു ജനം നിറഞ്ഞു. പൊതുദർശനത്തിനുശേഷം മയ്യത്ത് പള്ളിയിലേക്ക്. അപകടത്തിൽ നഷ്ടപ്പെട്ടവരുടെ സലീം, കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ആബുലൻസിൽ നഷ്ടപ്പെട്ടവരുടെ കോളറിട്ടാണു സലിമിനെ സ്ഥലത്തെത്തിച്ചത്. പള്ളിക്കുള്ളിലേക്കു കയറ്റി കട്ടിക്കട്ടു കാണിച്ചതോടെ സലീമിന്റെ നിലവിളി. 'പൊന്നുമക്കളേ' എന്നു വിളിച്ചുകൊണ്ടുള്ള ആ പിതാവിന്റെ കരച്ചിൽ കണ്ടുനിന്നവർക്കു താങ്ങാനുന്നതിലപ്പുറമായിരുന്നു. സലിമിനെ തിരികെ ആശുപത്രിയിലേക്കു കൊണ്ടുപോയി.

കുറച്ചു കഴിഞ്ഞപ്പോൾ മറ്റൊരു ആംബുലൻസ് വന്നു. കട്ടിലും. കാലിലും. പ്ലാസ്റ്റർ ഷെറീനയെ സ്ട്രെച്ചറിൽ ബന്ധുക്കളും നാട്ടുകാരും. കുട്ടികളുടെ അടുത്തേക്ക് എത്തിച്ചു. എന്നന്നക്കുമായി നഷ്ടപ്പെട്ട പൊന്നുമക്കളെ അവസാനമായി കണ്ടപ്പോൾ ഭൂമിയായ വേദനയിൽ ആ ഉമ്മയുടെ നിലവിളി ഉയർന്നപ്പോൾ പരിസരത്തുണ്ടായിരുന്നവരുടെയും. ഹൃദയം. തകർന്നു. സ്ത്രീകളും. പുരുഷൻമാരുമുൾപ്പെടെയുള്ളവർ കണ്ണീരണിഞ്ഞ നിമിഷം. ഷെറീനയെയും. ആശുപത്രിയിലേക്കു മാറ്റി.

ശേഷം. അപകടത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട മുത്തകൻ മുഹമ്മദ് ഷമാസിനെ കൊണ്ടുവന്നു. കാലിനു പൊട്ടലുമുണ്ടായിരുന്നു. പ്ലാസ്റ്റർ ഇട്ടിരുന്നതിനാൽ ബന്ധുക്കളിലൊരാൾ ഷമാസിനെ എടുത്തുകൊണ്ടാണു പള്ളിയിലേക്കു വന്നത്. ആ കുഞ്ഞുപയ്യന്റെ കരച്ചിലുയർന്നപ്പോൾ പ്രകൃതിയും. സങ്കടമായി പെയ്തിറങ്ങി.

ഉരുൾപൊട്ടലിൽ മരിച്ച ദിൻൻ ഷെറിന്റെ മൃതദേഹം. മെഡിക്കൽ കോളജിലുള്ള മാതാവ് ഷെറീനയെ അവസാനമായി കാണിക്കാൻ കൊണ്ടു വന്നപ്പോൾ. അപകടത്തിൽ സാരമായി പരുക്കേറ്റ ഷെറിനയും. ഭർത്താവ് അബ്ദുൾ സലീമിനെയും. സ്ട്രെച്ചറിൽ കിടത്തിയാണ് മക്കളെ അവസാനമായി കാണിക്കാൻ കൊണ്ടു വന്നത്.

മരണം ഉടച്ചെറിഞ്ഞ കട്ടിപ്പാറ

കരഞ്ഞുതളർന്നു കരിഞ്ചോലമല

വി.മിത്രൻ

കട്ടിപ്പാറ • വിങ്ങിപ്പൊട്ടുകയാണ് ഓരോ ഹൃദയവും. അലയടങ്ങാത്ത തേങ്ങൽ പോലെ ഇടമുറിയാതെ കരഞ്ഞുതീർക്കുകയാണ് മഴ. അങ്ങു കരിമ്പാറകൾക്കുമുകളിൽ രാക്ഷസ്സനെപ്പോലെ നോക്കി നിൽക്കുന്ന കോടമഞ്ഞേത്. വെറും അഞ്ചുനിമിഷം കൊണ്ട് കരിഞ്ചോലമലയുടെ താഴ്‌വാരം മരണനൃത്തം ചവിട്ടി.

നിമിഷങ്ങൾ മാത്രം

കണ്ണെത്താത്ത ദൂരത്താണ് മണ്ണും പാറകൾക്കടിയിലുള്ളവർ. മണ്ണിനടിയിൽ എത്രപേരുണ്ട് എന്നുപോലും ആർക്കുമറിയാത്ത അവസ്ഥ. പലരും ഇറക്കുകണ്ടത്തിലുള്ളവരുടെ ശബ്ദത്തിന്റെ നിഴലിൽനിന്ന് ഓടി മാറാനുള്ള സമയംപോലും ആർക്കും കിട്ടിയില്ല.

നേരിയ ഇരുവശമായി തലയുയർത്തിനിന്ന നാലു വീടുകളാണ് തുടച്ചെടുക്കപ്പെട്ടത്. വലിയ പൊട്ടിത്തെറിപോലുള്ള ശബ്ദം. കേട്ട് സമീപവാസികൾ പലരും വീടുവിട്ട് പുറത്തേക്ക് ഓടി. അപ്പോഴേക്ക് മലമുകളിൽനിന്ന് പാറകളും മണ്ണും കുത്തിച്ചെത്തിക്കഴിഞ്ഞു. രണ്ടര മീറ്ററിലധികം കനത്തിലാണ് നാലു വീടുകൾക്കു മുകളിൽ മണ്ണും പാറക്കല്ലുകളും വന്നുനിറഞ്ഞത്. കടപുഴകിയ മരങ്ങൾ മണ്ണിൽനിന്നു തുറിച്ചുനോക്കുന്നു. അഞ്ചുനിമിഷം കൊണ്ട് നന്നേ കിലോമീറ്ററോളം വിസ്തൃതിയിൽ മണ്ണുപാറയും വന്നുനിറഞ്ഞു. വീടുകളോ റോഡുകളോ ഇണ്ടായിരുന്നു എന്ന സൂചനപോലും ഇവിടെയില്ല.

പൊട്ടിയത് 2 പ്രാവശ്യം

വ്യാഴാഴ്ച വൈകിട്ടേ മൂന്നരയോടെ കരിഞ്ചോല മലയിലെ വടക്കു ഭാഗത്താണ് വലിയ ശബ്ദത്തോടെ ആദ്യം ഉരുൾപൊട്ടിയത്. ഇതിലാണ് പ്രസാദിന്റെ വീട് മണ്ണിനടിയിലായത്. പ്രസാദിന്റെ ഇളയമകൻ പ്രബിൻ മാത്രം വീടിനുള്ളിൽ കുടുങ്ങി. കരച്ചിൽ കേട്ട് ഓടിയെത്തിയ നാട്ടുകാർ മണ്ണുനീക്കി. അലമാരയ്ക്കടിയിൽ കുടുങ്ങിയ നിലയിലായിരുന്നു പ്രബിൻ. അലമാര വെട്ടിപ്പൊളിച്ചിട്ടു പ്രബിനെ പുറത്തെടുത്ത് താമരശ്ശേരി താലൂക്ക് ആശുപത്രിയിലെത്തിച്ചു.

തുടർന്നാണ് അഞ്ചേമുക്കാലോടെ രണ്ടാമത്തെ ഉരുൾപൊട്ടലുണ്ടായാവുന്നത്. നേരംവൈകിയതിനാൽ പലരും പള്ളിയിൽ നമസ്കരിക്കാനായി പോയതായിരുന്നു. പള്ളിയിൽനിന്നു തിരിച്ചുവരികയായിരുന്നു അബ്ദുൾസലീം. ഭാര്യ ഷെറീന വീടിനകത്ത് നമസ്കരിക്കുകയായിരുന്നു. ഈ സമയത്താണ് ഉരുൾപൊട്ടിയത്. വീടിനു പുറത്തായതിനാൽ സലീമിനെ ഉടൻ രക്ഷിച്ചു. സ്കൂൾവിദ്യാർഥിയിൽപ്പെട്ട ഷെറിനയെയും മകനെയും. രണ്ടു മണിക്കൂറോളം. സമയമെടുത്താണ് രക്ഷിച്ചത്. ചെളിപുരണ്ട വെള്ളത്തു നമസ്കാരക്കുപ്പായത്തോടെയാണ് ഷെറീനയെ ജീവിതത്തിലേക്ക് പിടിച്ചുകയറ്റിയത്. ഇളയ രണ്ടു മക്കളുടെയും ചേതനയറ്റ ശരീരം കണ്ടെടുക്കുമ്പോൾ സലീമും ഷെറീനയും. മെഡിക്കൽകോളജിൽ അത്യാഹിത വിഭാഗത്തിൽ പ്രവേശിപ്പിച്ചിരുന്നു.

തീരാത്ത ആശങ്ക

മറ്റു രണ്ടു വീടുകളുടെ മുകളിൽ മണ്ണു വന്നുനിറഞ്ഞതിനാൽ എന്തു ചെയ്യുമെന്നറിയാതെ നാട്ടുകാർ ആശങ്കയിലായി. വീടുകൾക്കകത്ത് എത്രപേരുണ്ടെന്ന്അർക്കും കൃത്യമായ കണക്കില്ല. നേരം വ്യാഴാഴ്ചയായി കഴിഞ്ഞ ദിവസം. രാത്രി വീശുന്നുവന്ന പലരുമുണ്ടെന്ന് പ്രദേശവാസികൾ ഊഹിച്ചു.

പക്ഷേ, നിർത്താതെ പെയ്യുന്നമഴയും. മലമുകളിൽനിന്ന് ഒഴുകിവരുന്ന മലവെള്ളവും. ചേർന്ന് രക്ഷാപ്രവർത്തനം. ദുരിതപൂർണമാക്കി. അരയറ്റം മണ്ണിൽനിന്നാണ് അഗ്നിരക്ഷാസേനയും. നാട്ടുകാരും. ദുരന്തനിവാരണ സേനക്കാരും. രക്ഷാപ്രവർത്തനം. നടത്തിയത്